**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4876** **11-08-2021 - ൽ മറുപടിയ്ക്ക്**

**രണ്ടാം ഗ്രേഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർമാരുടെ 31 തസ്തികകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിലേയ്ക്ക് അവസാനമായി പി.എസ്.സി. വഴി നിയമനം എന്നാണ് നടന്നതെന്നും എത്ര നിയമനങ്ങൾ നടന്നുവെന്നും അറിയിക്കാമോ; | (ബി) | 28/01/2020 നാണ് അവസാനമായി പി.എസ്.സി. വഴി ഒരു നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ) നടന്നത്. |
| (സി) | നിലവിൽ അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ നിലവിൽ വന്ന തീയതികൾ വ്യക്തമാക്കാമോ; | (സി) | 25 ഒഴിവുകൾ നിലവിലുണ്ട്. 21.10.2008 മുതലുള്ള സ്ഥാനക്കയറ്റം / സംവരണം ഒഴിവുകൾ ഉൾപ്പെടെ 8 ഒഴിവുകൾ 01/06/2016 ലും 17 ഒഴിവുകൾ 08/06/2021 ലും നിലവിൽ വന്നിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി വ്യക്തമാക്കുമോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അടിയന്തരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഉണ്ട്. 15./10/2009, 25/05/2017, 16/07/2021 എന്നീ തീയതികളിൽ ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്ന മുറയ്ക്ക് മാത്രമേ നിയമന നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. |
| (ഇ) | മേൽ തസ്തികയിൽ നിയമനം നടത്തുന്നതിന് നിയമപരമായോ സാങ്കേതികമായോ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. 15./10/2009, 25/05/2017, 16/07/2021 എന്നീ തീയതികളിൽ ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്ന മുറയ്ക്ക് മാത്രമേ നിയമന നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ